## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2034** **14-10-2024 - ൽ മറുപടിയ്ക്ക്**

## കുടിയേറ്റ തൊഴിലാളികൾക്ക് തൊഴിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഗാർഹിക തൊഴിലാളികളെപ്പോലെയുള്ള അവിദഗ്ദ്ധ തൊഴിലാളികൾക്ക് വിദേശരാജ്യങ്ങളിലെ ജോലികൾക്ക് സജ്ജമാക്കുന്നതിന് പ്രത്യേകം ഓറിയന്റേഷനുകൾ നടത്തുന്നത് അവർക്ക് മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനും കൂടിയ വരുമാനം ലഭിക്കുന്നതിനും സഹായകരമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | അവിദഗ്ദ്ധ തൊഴിലാളികൾക്ക്, വിദേശകാര്യ മന്ത്രാലയത്തിന്റെ ഉത്തരവ്വ പ്രകാരം എത്തിച്ചേരുന്ന രാജ്യത്തെ പൊതു നിയമ വ്യവസ്ഥകൾ സംസ്കാരം, ജീവിത രീതികൾ, തൊഴിൽനിയമങ്ങൾ എന്നിവ സംബന്ധിച്ച അവബോധം നൽകുന്നതിന് ബോധവത്കരണ ക്ലാസുകൾ വിദേശകാര്യ മന്ത്രാലയത്തിന്റെ സഹായത്തോടെ നൽകി വരുന്നു. ഇത് അവിദഗ്ദ്ധ തൊഴിലാളികൾക്ക് എത്തിച്ചേരുന്ന രാജ്യത്ത് സുരക്ഷിതമായി ജോലി ചെയ്യുന്നതിന് സഹായകമാകുന്നു. |
| (ബി) | ഗാർഹികജോലിക്കായി വിദേശത്ത് എത്തുന്നവർ തൊഴിൽ പീഡനത്തിന് ഇരയാകുന്ന സാഹചര്യങ്ങളിൽ അവരെ നാട്ടിൽ തിരിച്ചെത്തിക്കാൻ നോർക്ക ഇടപെടൽ നടത്തുന്നുണ്ടോ എന്നറിയിക്കുമോ; | (ബി) | ഗാർഹിക ജോലിക്കായി വിദേശത്ത് എത്തുന്നവർ തൊഴിൽ പീഡനത്തിന് ഇരയാകുന്നു എന്ന പരാതി ലഭിച്ചാൽ അതതു രാജ്യങ്ങളിലെ ഇന്ത്യൻ എംബസി വഴി അവരെ തിരിച്ച് നാട്ടിൽ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | ഗാർഹികജോലികൾക്കായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറാൻ ലക്ഷ്യമിടുന്ന സ്ത്രീകളെ അവരുടെ ജോലി ഫലപ്രദമായും തൊഴിൽദായകർക്ക് തൃപ്തികരമായ രീതിയിലും ചെയ്യുന്നതിനായി തയ്യാറാക്കുന്നതിനുള്ള പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഗാർഹികജോലികൾക്കായി വിദേശരാജ്യങ്ങളിലേക്ക് കുടിയേറാൻ ലക്ഷ്യമിടുന്ന സ്ത്രീകളെ അവരുടെ ജോലി ഫലപ്രദമായും തൊഴിൽദായകർക്ക് തൃപ്തികരമായ രീതിയിലും ചെയ്യുന്നതിനായി എത്തിച്ചേരുന്ന രാജ്യത്തെ പൊതു നിയമ വ്യവസ്ഥകൾ സംസ്കാരം, ജീവിതരീതികൾ, തൊഴിൽനിയമങ്ങൾ എന്നിവ സംബന്ധിച്ച പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നോർക്ക റൂട്ട്സ് നടത്തി വരുന്നു. |
| (ഡി) | വിദേശങ്ങളിൽ തൊഴിൽ തേടുന്ന സംസ്ഥാനത്തുനിന്നുള്ള ഉദ്യോഗാർഥികൾക്ക് വിദേശ ഭാഷാപ്രാവീണ്യവും, തൊഴിൽ നൈപുണ്യവും മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി നോർക്ക റൂട്ട്സിന്റെ നേതൃത്വത്തിൽ നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് | (ഡി) | ഉണ്ട്. വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ അന്വേഷിച്ച പോകുന്നവർക്ക് വിദേശ ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്തുന്നതിന് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ് തിരുവനന്തപുരം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ IELTS, OET, ജർമൻ ലാംഗ്വേജ് എന്നിവയുടെ ട്രെയിനിങ് നൽകുന്നുണ്ട് SC/ST, BPL |

| | | | |
|---|---|---|---|
| | ഫോറിൻ ലാംഗ്വേജ് ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | നഴ്സിംഗ് വിദ്യാർത്ഥികൾക്ക് പരിശീലനം പൂർണമായും സൗജന്യമാണ്. ജനറൽ വിഭാഗത്തിന് 25 % ഫീസ് മാത്രമാണ് അടയ്ക്കേണ്ടത്. വിദേശ രാജ്യങ്ങളിൽ നിശ്ചിത ടെസ്റ്റിംഗ് ഏജൻസികൾ നിശ്ചയിച്ച ടെസ്റ്റുകൾ പാസാകുന്നതിലൂടെ തൊഴിൽ നേടുന്നതിനും ഭാഷാപ്രാവീണ്യം മെച്ചപ്പെടുത്തുന്നതിലൂടെ തൊഴിൽ മേഖലയിൽ മികച്ച സേവനം നൽകുന്നതിനും ഉദ്യോഗാർത്ഥികൾക്ക് സാധിക്കുന്നതാണ്. തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിന് എൻ.എസ്.ഡി.സി മുഖേന കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ